വാരാന്ത്യപതിപ്പ് ലക്കം - 70 |SEPT 18 - SEPT 24

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

ഇലക്ട്രൽ ലിറ്ററസി ക്ലബ്
പേജ് 2

ലോക അൽഷിമേഴ്സ് ദിനം
പേജ് 2

അന്താരാഷ്ട്ര സമാധാന ദിനം
പേജ് 3

പുസ്തക ശേഖരണം
പേജ് 3

ലോക മുള ദിനം
പേജ് 4

അഗ്വഞ്ചർ
പേജ് 4

ട്രാഷ് ഇറ്റ് : തൃശ്ശൂർ കളക്ടറേറ്റ്
പേജ് 5

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്


# എൻ.എസ്.എസ്. വാർത്തകൾ


## സോഷ്യോപോഡ്സ്

**"ഓഷ്യൻ"** എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ചേർന്നു സോഷ്യോപോഡ്സിന്റെ എഴുപത്തിയാറാം എപ്പിസോഡ് സെപ്റ്റംബർ പത്തൊമ്പതിന് തിങ്കളാഴ്ച പുറത്തിറക്കി.പല തരത്തിലുള്ള സമുദ്രങ്ങളും, അവയുടെ പേരുകളും,ഇവ നേരിടുന്ന പ്രശ്നങ്ങളും ,അതിനുള്ള ഉദാഹരണങ്ങളും നിരത്തി വളന്റിയർ ഫിൻസി സംസാരിച്ചു.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## ഇലക്ട്രൽ ലിറ്ററസി ക്ലബ്

സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്) തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ആഭിമുഖ്യത്തിലുള്ള ഇലക്ട്രൽ ലിറ്ററസി ക്ലബ്ബിന്റെ ഉദ്ഘാടനം തൃശ്ശൂർ തഹസിൽദാർ ശ്രീമതി ജയശ്രീ നിർവഹിച്ചു.കോളേജ് പ്രിൻസിപ്പാൾ ഡോ. മാർട്ടിൻ .കെ. എ അധ്യക്ഷത വഹിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ.രഞ്ജിത്ത് വർഗീസ്, ഡോ.വിമല.കെ ജോൺ എന്നിവർ നേതൃത്വം നൽകി. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.







# പുസ്തക ശേഖരണം

സെപ്റ്റംബർ ഇരുപത്തിനാല് എൻ എസ് എസ് ദിനത്തോടനുബന്ധിച്ച് തൃശൂർ എച്ചിപ്പാറ ട്രൈബൽ സ്കൂളിൽ ലൈബ്രറി ഉണ്ടാക്കുന്നതിന്റെ ഭാഗമായി പുസ്തക ശേഖരണം നടത്തി. എല്ലാ വളന്റിയർസും വിവിധ തരം പുസ്തകങ്ങൾ സംഭാവന ചെയ്തു.





# ലോക മുള ദിനം

എൻ എസ് എസ് സെപ്റ്റംബർ പതിനെട്ടിനു ലോക മുള ദിനം ആചരിച്ചു.മുളയുടെ സാമ്പത്തിക സാധ്യതകളെ കൂടുതൽ തുറന്നുകാട്ടാനും പുതിയ വ്യവസായങ്ങളിൽ അതിന്റെ കൃഷിയുടെ പ്രാധാന്യം എടുത്തുകാട്ടാനും ഈ ദിനം ലക്ഷ്യമിടുന്നു.ലോക മുള ദിനം ആചരിക്കുന്നതിലൂടെ,മുളയുടെ സാധ്യതകളെക്കുറിച്ച് ആളുകളെ ബോധവൽക്കരിക്കുക എന്നതാണ് ഡബ്ല്യു .ബി .ഒ .ലക്ഷ്യമിടുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക അൽഷിമേഴ്സ് ദിനം

എൻ എസ് എസ് സെപ്റ്റംബർ ഇരുപത്തിയൊന്ന് ബുധനാഴ്ച ലോക അൽഷിമേഴ്സ് ദിനം ആചരിച്ചു.ഓർമ്മകൾ നഷ്ടപ്പെട്ട് പോയവരെ ഓർമ്മിക്കുന്നതിനോടൊപ്പം, അൽഷിമേഴ്സ് രോഗത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും രോഗം നേരത്തെ കണ്ടെത്തുകയും, തുടർ ചികിത്സ ഉറപ്പാക്കുകയും എന്നിവയാണ് ഈ ദിനത്തിന്റെ ലക്ഷ്യം.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# അന്താരാഷ്ട്ര സമാധാന ദിനം

സെപ്റ്റംബർ ഇരുപത്തിയൊന്നാം തിയ്യതി അന്താരാഷ്ട്ര സമാധാന ദിനം ആചരിച്ചു.അന്താരാഷ്ട്ര സമാധാന ദിനം **(യുഎൻ)** അഥവാ ലോകസമാധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമപ്പെടുത്താനായി ഐക്യരാഷ്ട്രസഭ തിരഞ്ഞെടുത്ത ദിനമാണ് സെപ്റ്റംബർ **21.** വിവിധ രാജ്യങ്ങളും രാഷ്ട്രീയ സംഘടനകളും പട്ടാളക്യാമ്പുകളും സെപ്റ്റംബർ **21** സമാധാനദിനമായി ആചരിക്കുന്നുണ്ട്. **1981**ൽ മുതലാണ് ഐക്യരാഷ്ട്രസഭ ഈ ദിവസം ആചരിക്കാൻ ആരംഭിച്ചത്. ഇതിനോടനുബന്ധിച്ച് പേസ്റ്റർ നിർമ്മിച്ചു.



# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. സെപ്റ്റംബർ ഇരുപത്തിനാല് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.














# ട്രാഷ് ഇറ്റ് : തൃശ്ശൂർ കളക്ടറേറ്റ്

സെപ്റ്റംബർ ഇരുപത്തിനാല് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ആറു എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ ഒൻപതു മുതൽ പന്ത്രണ്ട് മണി വരെ തൃശ്ശൂർ കളക്ടറേറ്റ് ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.














# അക്ഷരാഗ്നി


അശ്വതി .ടി .സ്

## ചോദ്യം ഉത്തരം

എൻ എസ് എസ് നിയന്ത്രിക്കുന്ന
ദേശീയ തലവൻ ആരാണ്?

പ്രോഗ്രാം അഡ്വൈസർ,
എൻഎസ്എസ്, ന്യൂഡൽഹി

മഴയായ് ഞാൻ നിന്നെ പുണരുംനേരം,
നിൻ കണ്ണുനീരുമായി ഞാൻ അലിഞ്ഞിടുന്നു.
നിന്നിലെ ദുഃഖത്തെ ഞാൻ എന്റേതാക്കുമ്പോൾ,
ഒരുനദിയായി നാം ഒരുമിച്ചൊഴുകുന്നു.
തകർന്നോരാ നിൻ ഹൃദയത്തെ പുൽകിടുമ്പോഴും,
ഞാൻ അലിയുന്നു നിന്നിലായ്
ഇനിയൊരു മടക്കം നിന്നിൽനിന്നെനിക്കില്ല സഖീ......



# ചിന്താവിഷയം

ഇന്നിനെ കുറിച്ച് വ്യക്തമായി മനസിലാക്കിയാൽ അത് നാളെയെകുറിച്ചറിയാനുള്ള വഴിയായി,
ഇന്നത്തെ കാര്യം മെച്ചപ്പെടുത്താൻ നോക്കൂ, അത് നിങ്ങളുടെ നാളേയ്ക് ഗുണം ചെയ്യും.

- പൗലോ കൊയ്ലോ

@nss_stc_42_144